(ബി) ഈ പദ്ധതിയിൽ നിന്നും ഫെബ്രുവരി മാസം പ്രതിദിനം ശരാശരി 1.68 മില്യൻ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

(സി) 80 ശതമാനം പ്ലാന്റ് ലോഡ് ഫാക്ടറിൽ ഈ പദ്ധതിയിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ ഫിക്സട് ചാർജ്ജ് 1.16 രൂപയാണ്. ഇപ്പോഴത്തെ ഇന്ധനവില വച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഇന്ധന ചെലവ് 2.41 രൂപയാണ്. ഒരു യൂണിറ്റിന് ലൂബ്രിക്കേറ്റിംഗ് ഓയിൽ ചിലവ് 1.1 പൈസ വരും. അങ്ങനെ ഒരു യൂണിറ്റിന് നിലവിൽ ആകെ 3.68 രൂപയാകും.

(ഡി) ജലവൈദ്യുത പദ്ധതിയെ അപേക്ഷിച്ച് താപ വൈദ്യുതി ചിലവേറിയതാണ്. ജലവൈദ്യുതിയും താപവൈദ്യുതിയും കേന്ദ്ര വിഹിതവും കൂട്ടി പൂൾചെയ്താണ് വൈദ്യുതി ബോർഡ് വിതരണം നടത്തുന്നത്. അതിനാൽ ബ്രഹ്മപുരം പദ്ധതി കെ. എസ്. ഇ. ബി. യ്ക്ക് നഷ്ടം ഉണ്ടാക്കുന്നു എന്ന് പറയാൻ കഴിയുകയില്ല.

കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസിലെ അഴിമതിയും കൈക്കൂലിയും

99 (1766) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കെ. എസ്. ഇ. ബി. പുത്തൂർ സെക്ഷനാഫീസിലെ അഴിമതിക്കും കൈക്കൂലിക്കും എതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഓഫീസിലെ ഇടനിലക്കാരെയും കൈക്കൂലിക്കാരെയും കണ്ടുപിടിക്കുന്നതിന് പോലീസ് വിജിലൻസിന്റെ സഹായം തേടുമോ ;

(സി) അമിതമായ ക്യാഷ് ഡെപ്പോസിറ്റ് തുക ഉപഭോക്താക്കളിൽ നിന്നും പിരിക്കുന്നതിനെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) ഡ്യൂട്ടി സമയത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കാതെ മദ്യപിച്ചു ചീട്ടുകളി നടത്തുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 25-2-2000-ൽ ലഭിച്ച പരാതി ബോർഡിലെ വിജിലൻസ് വിഭാഗം അന്വേഷിക്കുകയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇപ്പോൾ തന്നെ ബോർഡിലെ വിജിലൻസ് വിഭാഗത്തിലെ ഒരു പോലീസ് സബ്-ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പരാതി ലഭിക്കുകയോ ശ്രദ്ധയിൽപ്പെടുകയോ ചെയ്തിട്ടില്ല. ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്താൽ കർശന നടപടി കുറ്റക്കാരുടെ മേൽ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly